(ബി) 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 100 (എ) വകുപ്പനുസരിച്ചാണ് താലൂക്ക് ലാന്റ് ബോർഡുകൾ സംവിധാനം ചെയ്തിട്ടുള്ളത്. ഇപ്രകാരം സംഘടിപ്പിക്കപ്പെടുന്ന ഒരു താലൂക്ക് ലാന്റ് ബോർഡിൽ ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ഒരാൾ ചെയർമാനും പ്രാദേശിക തഹസീൽദാർ ഔദ്യോഗിക അംഗവും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറിൽ കൂടാത്ത അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ കാലാവധി 3 വർഷമാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

" വരൾച്ചാ ദുരിതാശ്വാസ നിധി"

1 (2757) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചാ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചു ;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ വർഷങ്ങളിലും 2003-2004-ൽ ഇതുവരെയുമായി വരൾച്ചാ ദുരിതാശ്വാസത്തിനായി 1440 ലക്ഷം രൂപ അനുവദിച്ചു.

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്:-

തുക ലക്ഷത്തിൽ

ജില്ല	തുക
തിരുവനന്തപുരം	150
കൊല്ലം	64
പത്തനംതിട്ട	150
ആലപ്പുഴ	117
ഇടുക്കി	55
കോട്ടയം	100
എറണാകുളം	95
തൃശ്ശൂർ	53

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	197
മലപ്പുറം	100
കോഴിക്കോട്	71
വയനാട്	128
കണ്ണൂർ	94
കാസർഗോഡ്	66
ആകെ	1,440

(സി) വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി രൂപീകരിച്ചിട്ടുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേക്ക് ഒരുമിച്ചാണ് കേന്ദ്രസഹായം അനുവദിക്കുന്നത്. വരൾച്ചാ ദുരിതാശ്വാസത്തിനായി പ്രത്യേക തുക അനുവദിക്കാറില്ല. 2001-2002, 2002-2003 എന്നീ വർഷങ്ങളിലും, 2003-2004 വർഷത്തിൽ ഇതുവരെയും സംസ്ഥാന പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെ കാണും പ്രകാരമാണ്.

തുക ലക്ഷത്തിൽ

2001-2002	-	8,604 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	-	5,560
2003-2004 (ഇതുവരെ)	-	2,919

കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

2 (2758) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വരൾച്ചയിൽ കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏകദേശം 1,86,75,730 രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly